## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2540 | 09.12.2014-ൽ മറുപടിയ്ക്ക്

## ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ആർ.സെൽവരാജ്
ശ്രീ.എം.പി.വിൻസെന്റ്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തെരഞ്ഞെടുത്ത ഗോത്ര വർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | എ) | തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും വികസന പ്രവർത്തനങ്ങളിലൂടെയും കോളനികളുടെ സമഗ്രവികസനം നടപ്പാക്കി കോളനി നിവാസികളായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| സി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, |

| | | | |
|---|---|---|---|
| | | | ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/ കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുന്നു. |
| ഡി) | പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | 2013-14 വർഷത്തെ തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളിൽ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പാക്കൽ അവസാന ഘട്ടത്തിലാണ്. 2014-15 വർഷം ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്ത 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ